പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4495 — 17.12.2014 ന് മറുപടിയ്ക്ക്.

*നൈപുണ്യം സമ്മിറ്റ്*

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. സി.പി.മുഹമ്മദ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നൈപുണ്യം സമ്മിറ്റ് സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) അതിന്റെ ലക്ഷ്യങ്ങളെന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകാമോ; | ***(എ)&(ബി)*** ഉണ്ട്. 2014 ജനുവരി 20, 21 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നൈപുണ്യം സമ്മിറ്റ് സംഘടിപ്പിച്ചു. ആധുനിക മേഖലയിൽ ഉരുത്തിരിയുന്ന വിവിധ നൂതന തൊഴിൽ മേഖലകളിലേയ്ക്ക് ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുക എന്നതാണ് നൈപുണ്യം സമ്മിറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. നൈപുണ്യം സമ്മിറ്റിന്റെ പ്രധാന ലക്ഷ്യം വ്യാവസായ പങ്കാളികളുമായി ചേർന്ന് കൺസ്ട്രക്ഷൻ, സെക്യൂരിറ്റി, ടൂറിസം, ഓട്ടോമൊബൈൽ, റീട്ടെയ്ൽ, നഴ്സിംഗ്, ഓയിൽ&റിഗ്, ഹോസ്പിറ്റാലിറ്റി, മൾട്ടിസ്കിൽ, ഹൈടെക്-ഓട്ടോമേഷൻ&മെക്കട്രോണിക്സ് തുടങ്ങിയ മേഖലകളിൽ പരിശീലനവും തൊഴിലും ഉറപ്പ നൽകുന്ന അന്താരാഷ്ട്ര തലത്തിൽ വൈദഗ്ദ്ധ്യമുള്ള പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ്. |
| (സി) രാജ്യാന്തര നിലവാരത്തിൽ തൊഴിൽ വൈദഗ്ദ്ധ്യമുള്ള യുവാക്കളെ സൃഷ്ടിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സമ്മിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ; | (സി) തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെയും തൊഴിൽ പരിശീലകരുടെയും പാഠ്യപദ്ധതികളുടെയും ഗുണമേന്മ വർദ്ധിപ്പിക്കുക, അവശ്യ മേഖലകളിൽ നൂതനസങ്കേതികവിദ്യ പ്രയോജനപ്പെടുത്തി അതി വിദഗ്ധ പരിശീലനം നൽകി അംഗീകൃത മേഖലകളിൽ പരിശീലനം ലഭ്യമായവരുടെ എണ്ണം വർദ്ധിപ്പിക്കുക എന്നീ ഉദ്യമങ്ങൾ മുന്നിൽ കണ്ടുകൊണ്ട് താല്പര്യമുള്ള സ്ഥാപനങ്ങൾ സമർപ്പിച്ച എക്സ്പ്രഷൻ ഓഫ് ഇൻട്രസ്റ്റുകൾ വിലയിരുത്തി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുക വഴി രാജ്യാന്തര നിലവാരത്തിൽ തൊഴിൽ വൈദഗ്ദ്ധ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കാൻ സാധിക്കും. |

(ഡി) പ്രസ്തുത സമ്മിറ്റിൻമേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

(ഡി) ഓയിൽ & റിഗ്, സെക്യൂരിറ്റി സ്കിൽസ്, എന്നീ മേഖലകളിൽ നൈപുണ്യവികസന കേന്ദ്രം തുടങ്ങുന്നതിനു സ്വകാര്യ പങ്കാളിയെ കണ്ടെത്തി ധാരണാപത്രത്തിൽ ഒപ്പ് വച്ചു. ഹൈടെക് ഓട്ടോമേഷൻ & മെക്കട്രോണിക്സ് സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി ഓപ്പറേറ്ററെ കണ്ടെത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ ചവറയിൽ കൗശലകേന്ദ്രം സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുത്തു. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൺസ്ട്രക്ഷൻ മേഖലയിലെ നൈപുണ്യകേന്ദ്രമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ ചവറയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. ഓട്ടോമോട്ടീവ് സ്കിൽസ് അക്കാദമിക്കും മറ്റു മേഖലകളിൽ നൈപുണ്യവികസന കേന്ദ്രം സ്ഥാപിക്കുന്നതിനും വേണ്ടി ഓപ്പറേറ്ററെ കണ്ടെത്താനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ